# Malayala Manorama
# 31 August 2018
# Thodupuzha; Idukki,After Flood,Building Control

## ഇടുക്കിയിൽ കെട്ടിട നിർമാണ നിയന്ത്രണം നടപ്പാക്കുന്നു

**മനോരമ ലേഖകൻ**

**ഇടുക്കി ജില്ല ഒറ്റനോട്ടത്തിൽ**

- ഉരുൾ പൊട്ടൽ 278
- മണ്ണിടിച്ചിൽ 1800
- വീടുകൾ പൂർണമായി തകർന്നത് 1587
- ഭാഗികമായി തകർന്ന വീടുകൾ 4478
- ഭൂമി വിണ്ടു കീറുന്നത്: സേനാപതി, മാവടി

തൊടുപുഴ ● അപായ മേഖലകളിൽ നിർമാണം തടയാനുള്ള സർക്കാർ തീരുമാനം ഇടുക്കിയിൽ നടപ്പാക്കിത്തുടങ്ങി. ഉപ്പുതറ ചപ്പാത്ത് ടൗണിലെ ഹോട്ടൽ പുതുക്കിപ്പണിയുന്നത് ഉപ്പുതറ വില്ലേജ് ഓഫിസർ തടഞ്ഞ് സ്റ്റോപ് മെമ്മോ നൽകി. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഷട്ടർ തുറന്നതോടെ തകർന്നതാണ് പെരിയാർ തീരത്തെ ഈ കെട്ടിടം.

ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഉണ്ടായ സ്ഥലങ്ങളിലെ വീടുകളും മറ്റും പുനർനിർമിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സ്റ്റോപ്പ് മെമ്മോ എന്നു റവന്യു വകുപ്പ് അറിയിച്ചു. ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി, അനുമതി നൽകിയാലേ തുടർന്നു പണിയാവൂ എന്നും മെമ്മോയിലുണ്ട്.

അപായ സാധ്യതയുള്ള പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിർമാണ പ്രവർത്തനങ്ങൾ തടയാനാണ് സർക്കാർ തീരുമാനം. കസ്തൂരിരംഗൻ റിപ്പോർട്ട് അനുസരിച്ച് ഇടുക്കി ജില്ലയിലെ അഞ്ചു താലൂക്കുകളിൽ ഉൾപ്പെടുന്ന 47 വില്ലേജുകളിലാണ് പരിസ്ഥിതി ലോല പ്രദേശങ്ങൾ (ഇഎസ്എ) ഉള്ളത്.

ഇത്തവണത്തെ മഴയിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും കൂടുതലായി ഉണ്ടായതും ഈ പ്രദേശങ്ങളിലാണ്. ഇടുക്കി, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലുൾപ്പെട്ട ഹൈറേഞ്ച് മേഖലയിലാണിതിലേറെയും.